# ബലം പകരുന്ന യേശു

## അപ്പോ. പ്രവൃത്തി 3:16

"അവൻ മുഖാന്തരമുള്ള വിശ്വാസം ഇവനു നിങ്ങൾ എല്ലാവരും കാൺകെ ഈ ആരോഗ്യം വരുവാൻ ഹേതുവായിത്തീർന്നു."

സുന്ദരം എന്ന ദൈവാലയഗോപുരത്തിങ്കൽ ഭിക്ഷയാചിച്ചുകൊണ്ടിരുന്ന മുടന്തനായ ഒരു മനുഷ്യന്റെ സൗഖ്യം അപ്പോസ്തോല പ്രവൃത്തിയിലെ വലിയ ഒരു അത്ഭുതമാണ്. അമ്മയുടെ ഗർഭം മുതൽ ഇവൻ മുടന്തനായിരുന്നുവെന്ന് കാണുന്നു. മറ്റ് പലരുടെയും സഹായത്താൽ, ചുമന്നുകൊണ്ട് വന്നാണ് അവനെ ദൈവാലയഗോപുരത്തിങ്കൽ ഭിക്ഷയ്ക്കായി ഇരുത്തിയിരുന്നത്. ഈ മുടന്തന്റെ നിസ്സഹായവും, ദയനീയവും ആയ അവസ്ഥ അവിടെ മിക്കവാറും ഉള്ളവർക്ക് അറിയാമായിരുന്ന ഒരു സത്യവും ആകുന്നു. ഈ മനുഷ്യൻ കുതിച്ചെഴുന്നേറ്റ് നടന്ന്, നടന്നും തുള്ളിയും ദൈവത്തെ പുകഴ്ത്തിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് അപ്പോ.പ്രവൃ 3:8–൧൦ വാക്യത്തിൽ പിന്നീട് നാം കാണുന്നത്.

തീർച്ചയായും ഈ സംഭവം അവിടെയുള്ള ജനങ്ങളെ വിസ്മയിപ്പിച്ചു കാണും എന്നതിൽ യാതൊരു സംശയവുമില്ല. ദൈവാലയഗോപുരത്തിങ്കൽ പരസഹായത്തോടെ വന്നിരുന്നവൻ, ഭിക്ഷയാചിച്ചവൻ, ഇപ്പോൾ ദൈവാലയത്തിൽ കടന്നു ദൈവത്തെ പുകഴ്ത്തുന്നു. ഇതിന്റെ പിന്നിൽ നടന്ന സത്യം ജനം അന്വേഷിച്ചറിഞ്ഞിട്ടുണ്ടാകും എന്നതിൽ സംശയമില്ല. മുടന്തന്റെ സൗഖ്യത്തിനു കാരണമായിത്തീർന്നത് പത്രോസും യോഹന്നാനുമാണെന്ന് ജനം തിരിച്ചറിഞ്ഞു. അവരുടെ പിന്നാലെ ആശ്ചര്യത്തോടെ വരുകയും, ശിഷ്യന്മാരെ ഒരു അത്ഭുതവിഷയമായി നോക്കി നിൽക്കുകയും ചെയ്യുന്ന ജനത്തോട് പത്രോസും യോഹന്നാനും നടത്തുന്ന സംഭാഷണത്തിന്റെ ഒരു ഭാഗം ആണ് കുറിവാക്യമായി നം വായിക്കുന്നത്.

ഞങ്ങളുടെ സ്വന്തശക്തികൊണ്ടോ, ഭക്തികൊണ്ടോ അല്ല, മറിച്ച് അവർ തള്ളിപ്പറഞ്ഞ് ക്രൂശിപ്പാൻ ഏല്പിച്ചു കൊടുത്ത പരിശുദ്ധനും, നീതിമാനും, ജീവനായകനുമായ യേശു കർത്താവിന്റെ നാമത്തിൽ മുടന്തൻ എഴുന്നേറ്റു നടന്നു എന്ന പൂർണ്ണ പ്രഖ്യാപനം അവിടെ നടത്തി. കർത്താവിന്റെ നാമം സാക്ഷിക്കുന്നിടത്തൊക്കെ അനേക പീഢകളും ബുദ്ധി മുട്ടുകളും ഉണ്ടാകുന്ന സാഹചര്യത്തിലും, തങ്ങൾക്കു ലഭിച്ച അവസരം ഒട്ടും പാഴാക്കാതെ, യേശുക്രിസ്തു ആരാണെന്ന സത്യം അവർ വീണ്ടും വിളിച്ചു പറഞ്ഞ് കർത്താവിന് പൂർണ്ണ മഹത്വം കരേറ്റുന്നു. ധൈര്യത്തോടെ കർത്താവിന്റെ സാക്ഷികളായി നിൽക്കുന്ന ശിഷ്യന്മാർ.

ഇന്ന് ദൈവഭക്തന്മാരോട്, അവർ ചെറിയവരോ വലിയവരോ ആകട്ടെ ഏവർക്കും വലിയൊരു പാഠം ശിഷ്യന്മാർ ഈ സംഭവത്തിലൂടെ മനസ്സിലാക്കി തരുന്നു. അല്പമോ അധികമോ ആയി നമ്മുടെ പ്രാർത്ഥനകളും, ഉപവാസവും, സാന്നിദ്ധ്യവും ഒക്കെ ചെറുതും വലുതുമായ വിടുതലുകളും മറുപടികളും ലഭിക്കുവാൻ കാരണമാകുമ്പോൾ മഹത്വവും, മാനവും ഇന്ന് കർത്താവിന് കൊടുക്കുവാൻ മറന്നുപോകുന്നു. അല്ലെങ്കിൽ അറിഞ്ഞോ അറിയാതെയോ അവ സ്വയത്തിലേക്ക് തിരിക്കുന്നു.

ആത്മീകമണ്ഡലത്തിന്റെ വലിയ തകർച്ചയുടെ ഒരു ഭാഗമാണ് ഇന്ന് ഈ വിഷയം എന്ന് ഏവർക്കും സുപരിചിതം. ഒരുവന്റെ സൗഖ്യമോ, വിടുതലോ, അത്ഭുതമോ, അടയാളമോ എന്തും ആകട്ടെ അത് കർത്താവിങ്കലെ വിശ്വാസത്താൽ അവന്റെ നാമത്താൽ മാത്രം സംഭവിച്ചു എന്ന് ഏറ്റെടുത്തെങ്കിൽ മാത്രമേ പൂർണ്ണവും സ്ഥിരവുമായ അനുഭവം ആകുന്നുള്ളു. അതിനാലാണ് മുടന്തന്റെ ആരോഗ്യത്തിന് കാരണമായിത്തീർന്ന അത്ഭുതം ശിഷ്യന്മാർ പരസ്യമായി പ്രഖ്യാപിക്കുന്നത്. അതേ, “അവന്റെ നാമത്തിലെ വിശ്വാസത്താൽ അവന്റെ നാമം തന്നേ” അവനു ബലം പ്രാപിപ്പാൻ കാരണമായിത്തീർന്നു.

നമ്മുടെ ജീവിതത്തിന്റെ വലിയ ഒരു സാക്ഷ്യമായി ഇത് തീരണം എന്നാകുന്നു ദൈവ ഹിതം. ഒരു വിശ്വാസിയുടെ ജീവിതത്തിലെ പ്രഭാതം മുതൽ പ്രദോഷം വരെ നടക്കുന്ന സകല ദൈവീകപ്രവൃത്തിക്കും അടിസ്ഥാനം ഇതുതന്നെ. “അവങ്കലുള്ള വിശ്വാസത്താൽ എന്റെ യേശുകർത്താവിന്റെ നാമത്തിൽ.” അതിനുവേണ്ടി ചില വ്യക്തികളെയോ സഭയെയോ ഒക്കെ ദൈവം ഉപയോഗിച്ചെന്നു വരാം, എന്നാൽ കാരണഭൂതനായ അവങ്കലേക്ക് മാത്രം കണ്ണുകൾ ഉയർത്തണം.

പത്രോസും യോഹന്നാനും കാണിച്ചുതന്ന വലിയ മാതൃക, യേശുകർത്താവിനെ ഏതു സമൂഹത്തിന്റെ മധ്യത്തിലും അവൻ ആരാണെന്ന് ലജ്ജ കൂടാതെ സാക്ഷിക്കണം. ഏതെങ്കിലും ദൈവീകപ്രവൃത്തികളോ, ശുശ്രൂഷകളോ കർത്താവ് നമ്മിലൂടെ ചെയ്യിപ്പിക്കുന്നുവെങ്കിൽ അത് അവന്റെ കരുണയും കൃപയും മാത്രം. പൂർണ്ണ മഹത്വം അവനു മാത്രം. അവനിലുള്ള വിശ്വാസം, അവന്റെ നാമം മാത്രം എന്റെ ബലം. പ്രിയ ശിഷ്യന്മാരെപ്പോലെ വരും നാളുകളിൽ അധികമായി കർത്താവിനു വേണ്ടി നിലനിൽക്കാനും, പ്രവർത്തിക്കാനും കർത്താവ് സഹായിക്കട്ടെ. ആത്മീകമണ്ഡലത്തിൽ നടക്കുന്ന സകലതും വിവേചിച്ചറിഞ്ഞ് പൂർണ്ണമഹത്വം കർത്താവിന് മാത്രം സകലത്തിലും നൽകിക്കൊണ്ട് ജീവിക്കാൻ നമുക്ക് പ്രാർത്ഥിക്കാം. കർത്തൃനാമത്തെ അറിയാത്തവരുടെ ഇടയിലേക്കും ദൈവീകപ്രവൃത്തികൾ വെളിപ്പെടുവാൻ ഒരുപക്ഷേ നമ്മെ ഉപയോഗിക്കുന്ന സാഹചര്യങ്ങൾ വരാം. അവിടെയും ഹൃദയം ഒട്ടും നിഗളിക്കാതെ ഏകാഗ്രത മാറിപ്പോകാതെ യേശുകർത്താവിങ്കലേക്ക് മാത്രം,

വിശ്വാസം അവനിലേക്ക് മാത്രം തിരിച്ചുവിടാൻ കൃപ ലഭിക്കുമാറാകട്ടെ. അതിനായി പ്രാർത്ഥിക്കാം.

പരാമർശം:

1 ദിനവൃത്താന്തം 16:11

യഹോവയെയും അവന്റെ ശക്തിയെയും തേടുവിൻ; അവന്റെ മുഖം നിരന്തരം അന്വേഷിപ്പിൻ.

സിസ്റ്റർ ബിന്ദു റെജി അയ്മനം 132